**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1495 07.06.2018 ൽ മറുപടിയ്ക്ക്

## സൈക്ലോൺ ഷെൽറ്ററുകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ വി.പി.സജീന്ദ്രൻ | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ്<br>മന്ത്രി |
| (എ) സംസ്ഥാനത്ത് ചുഴലിക്കാറ്റ് പ്രതിരോധ പ്രവർത്തനം പ്രാവർത്തിക മാക്കിയിട്ടുണ്ടോയെന്നും വിവിധോദ്ദേശ സൈക്ലോൺ ഷെൽറ്ററുകളുടെ നിർമ്മാണം പൂർത്തിയാ യിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് ചുഴലിക്കാറ്റ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സൈക്ലോൺ ഷെൽറ്ററുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. ലോക ബാങ്കിന്റെ ധനസഹായത്തോടെയാണ് സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത് |
| (ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പുനരധിവാസ കേന്ദ്രങ്ങൾ ഏതൊക്കെ ജില്ലകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) കടലോര ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലാണ് പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത് |
| (സി) പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ അഭയകേന്ദ്രങ്ങളായി ഉപയോഗിക്കുന്ന സ്കൂളുകൾക്ക് സമീപം പ്രസ്തുത പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് മുൻഗണന നൽകുമോ; വ്യക്തമാക്കാമോ?; | (സി) അഭയ കേന്ദ്രങ്ങളായി ഉപയോഗിക്കുന്ന സ്കൂളുകൾക്ക് സമീപമാണ് പുനരധിവാസ കേന്ദ്രങ്ങൾ പണിയാൻ ഉദ്ദേശിച്ചിട്ടുള്ളത്. ആകെ പണിയാൻ തീരുമാനിച്ച 27 സൈറ്റുകളിൽ 12 എണ്ണം സ്കൂൾ കോമ്പൗണ്ടിലാണ്. ഇതിൽ 9 എണ്ണവും അഭയകേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന സ്കൂളുകളാണ്. |

സെക്ഷൻ ഓഫീസർ